**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 128** **27-06-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂരിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലമ്പൂരിൽ പ്രവർത്തിച്ചുവരുന്ന ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി ഉയർത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളത് എന്നാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | **സ.ഉ.(കൈ)നം.271/2013/ആഭ്യന്തരം തീയതി 31.10.2013 പ്രകാരം നിലമ്പൂരിലെ നിലവിലുള്ള ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുൻസിഫ്- മജിസ്ട്രേറ്റ് കോടതിയാക്കി മാറ്റുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)** |
| (ബി) | സർക്കാർ ഉത്തരവുണ്ടായിട്ടും നിലമ്പൂരിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ആയതു സംബന്ധിച്ച നിലവിലെ തടസ്സങ്ങൾ വിശദീകരിക്കാമോ; | (ബി) | **സ.ഉ.(കൈ)നം.20/2015/ആഭ്യന്തരം തീയതി 31.01.2015 പ്രകാരം സർക്കാർ അനുവദിച്ച 8 തസ്തികകൾകൊണ്ട് കോടതിയുടെ പ്രവർത്തനം ആരംഭിയ്ക്കുക പ്രായാഗികമല്ലാത്തതിനാൽ, 17 തസ്തികകൾ കൂടി അനുവദിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.** |
| (സി) | നിലമ്പൂരിൽ മുൻസിഫ് കോടതി പ്രവർത്തിക്കുന്നതിനാവശ്യമായി അനുവദിക്കേണ്ട ആകെ തസ്തികകൾ എത്രയെന്നും അവയേതൊക്കെയെന്നും എത്ര തസ്തികകൾ ഇതുവരെ അനുവദിച്ചുവെന്നും അറിയിക്കാമോ; ശേഷിക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ; | (സി) | **സ.ഉ.(കൈ)നം.20/2015/ആഭ്യന്തരം തീയതി 31.01.2015 പ്രകാരം സർക്കാർ അനുവദിച്ച 8 തസ്തികകൾ ഡെപ്യൂട്ടി നാസിർ-1, ആമീൻ-1, കോർട്ട് കീപ്പർ-1, പ്രോസസ്സ് സർവർ-5 എന്നിവയാണ്. ശേഷിക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.** |
| (ഡി) | 01.04.2015-ന് ശേഷം സംസ്ഥാനത്ത് വിവിധ കോടതികളിലേക്ക് പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തസ്തികകളാണ് 01.04.2015-ന് ശേഷം സംസ്ഥാനത്ത് പുതുതായി അനുവദിച്ചതെന്ന കണക്കുകൾ ലഭ്യമാക്കാമോ; | (ഡി) | **ഉണ്ട്. 2305 തസ്തികകൾ** |
| (ഇ) | നിലമ്പൂർ ജെ.എഫ്.സി.എം. കോടതി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി പദവി ഉയർത്തുന്നതിനായി ബഹു. ഹൈക്കോടതി രജിസ്ട്രാർ 30.04.2015-ന് D7(A)-16913/2006 | (ഇ) | **ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.** |

| | | | |
|---|---|---|---|
| | നമ്പർ കത്ത് പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ള തസ്തികകൾ ഉടനെ അനുവദിക്കാനാകുമോ; വിശദമാക്കാമോ; | | |
| (എഫ്) | നിലമ്പൂർ താലൂക്കിലെ ജനങ്ങൾ സിവിൽ കേസ്സുകൾ നടത്തുന്നതിനായി ഇപ്പോൾ ആശ്രയിക്കേണ്ട മുൻസിഫ് കോടതികൾ ഏതൊക്കെയെന്നും സംസ്ഥാന അതിർത്തി പ്രദേശമായ വഴിക്കടവ് നിന്നും ഈ കോടതികളിലേക്കുള്ള സഞ്ചാരദൂരം എത്രയെന്നും വിശദമാക്കാമോ? | (എഫ്) | **നിലമ്പൂർ താലൂക്കിലെ ജനങ്ങൾ സിവിൽ കേസുകൾക്കായി മഞ്ചേരി മുൻസിഫ് കോടതിയെയാണ് ആശ്രയിക്കുന്നത്. വഴിക്കടവിൽ നിന്ന് മുൻസിഫ് കോടതി മഞ്ചേരിയിലേക്കുള്ള യാത്രാ ദൂരം 40 കിലോമീറ്ററാണ്.** |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Abstract**

Home Department - Judiciary – Conversion of Judicial First Class Magistrate Court, Nilambur into Munsiff-Magistrate Court – Sanction accorded - Orders issued.

**HOME (C) DEPARTMENT**

**G.O.(Ms)No. 271/2013/Home** **Dated, Thiruvananthapuram, 31.10.2013**

*Read:* 1) Representation dated 06.02.2013 from the President, Bar Association, Nilambur.

2) Lr.No.D8-16913/2006 dated 19.01.2012 from the Registrar ( Subordinate Judiciary) High Court of Kerala.

**ORDER**

The Nilambur Bar Association submitted a representation before the Government vide paper read first above requesting for establishment of a Munsiff-Magistrate Court at Nilambur. As per the letter read second above, the Registrar (Subordinate Judiciary) has reported that conversion of the existing Judicial First Class Magistrate Court is an effective alternative instead of establishment of an independent Munsiff Court at Nilambur.

In the circumstances, sanction is accorded for the conversion of the existing Judicial First Class Magistrate Court at Nilambur into a Munsiff-Magistrate Court with minimum required additional posts for which the Registrar (Subordinate Judiciary) of High Court shall forward necessary proposal indicating the Head of Account from which expense is to be met, immediately.

(By order of the Governor)

L.RADHAKRISHNAN
Principal Secretary to Government

To

The Registrar (Subordinate Judiciary), High Court of Kerala, Ernakulam
The Principal Accountant General (Audit) Kerala, Thiruvananthapuram.
The Accountant General (A&E ) Kerala, Thiruvananthapuram.
Finance Department (Vide UO(F)No.22236/Exp.A3/13/Fin dtd 13.05.2013)
Stock File / Office Copy

Forwarded/By Order

Section Officer